**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **07-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ നിഷ്ക്രിയ ആസ്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ നിഷ്ക്രിയ ആസ്തികൾ ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പും കൃഷി വകുപ്പുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെങ്കിലും ആലോചനകൾ നടന്നിട്ടുണ്ടോ; ഇത് പ്ലാനിങ് ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ; | (എ) | സഹകരണ മേഖലയിലെ ഫണ്ടുകൾ ഉപയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പും കൃഷി വകുപ്പുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കുന്നത് പരിശോധിച്ചു വരുന്നു. 2022 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു ലക്ഷം MSME യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സംരംഭക പദ്ധതികൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്ക് മുഖേനയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴിയും വായ്പകൾ നൽകുന്ന പദ്ധതി പരിശോധനയിലാണ്. കാർഷികമേഖലയിൽ നൂതന പദ്ധതികൾ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. |
| (ബി) | തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ സഹകരണ സ്ഥാപനങ്ങൾ കൂടി സഹകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വായ്പബന്ധിതമായി നടപ്പാക്കുന്ന വരുമാനദായക പ്രോജക്ടുകൾക്ക് (ഷോപ്പിങ് കോംപ്ലെക്സുകൾ/ മാർക്കറ്റുകൾ, ബസ് സ്റ്റാൻഡുകൾ) സഹകരണ സ്ഥാപനങ്ങൾ വഴി നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിക്കുന്നുണ്ട്. ഇ. എം. എസ് ഭവന പദ്ധതി, ഭവനശ്രീ തുടങ്ങിയ പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി സഹകരണ സംഘങ്ങൾ മുഖേന വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കൂടാതെ കേരള സഹകരണ നിയമം വകുപ്പ് 57 സി പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനപ്രകാരം പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | നിർദ്ദേശിക്കപ്പെടാവുന്ന നിബന്ധനകൾക്കും, വ്യവസ്ഥകൾക്കും വിധേയമായി, സംഘങ്ങളുടേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും, വികസന അതോറിട്ടികളുടേയും, അതുപോലെയുള്ള സ്ഥാപനങ്ങളുടേയും, അടിസ്ഥാന സൗകര്യ വികസനത്തിനായി വായ്പകൾ നൽകേണ്ട ആവശ്യത്തിലേയ്ക്കായി കൺസോർഷ്യം ലെൻഡിംഗ് സ്കീം എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി പദ്ധതിയിലേയ്ക്കായി വിശദമായ സ്കീം സർക്കാർ തയ്യാറാക്കി വരികയാണ്.<br><br>2022 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു ലക്ഷം MSME യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സംരംഭക പദ്ധതികൾക്ക് കേരളസംസ്ഥാന സഹകരണ ബാങ്ക് മുഖേനയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴിയും വായ്പകൾ നൽകുന്ന പദ്ധതി നിലവിൽ പരിശോധനയിലാണ്. |
| (സി) | സംസ്ഥാനത്ത് സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളുടെ നിഷ്ക്രിയ ആസ്തികൾ ഉപയോഗിക്കുന്നതിലൂടെ മെച്ചമുണ്ടാകുമെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; ഇതിന് എന്തൊക്കെ നിബന്ധനകളാണ് നിർദ്ദേശിച്ചിട്ടുള്ളത്; | (സി) | സഹകരണ സംഘങ്ങളുടെ ധനം ഉപയോഗിച്ച് സമൂഹത്തിന്റെ വിവിധ മേഖലകളിൽ വികസനത്തിനും, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സഹകരണ വകുപ്പ് പദ്ധതികൾ തയ്യാറാക്കി വരുന്നു. സഹകരണ നിയമത്തിലെ 57സി, 14എഎ, 14ബി എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനുമായി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സഹകരണ നിയമം വകുപ്പ് 57 സി പ്രകാരം കൺസോർഷ്യം ലെൻഡിംഗ് സ്കീം എന്ന പദ്ധതി അടിസ്ഥാന വികസന പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുന്നതിനായി വിപുലീകരിച്ച് നടപ്പാക്കുന്നതിന് വിശദമായ സ്കീം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് വ്യവസ്ഥകൾക്ക് വിധേയമായി വായ്പകൾ അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്. |
| (ഡി) | കാർഷിക മേഖലയുടെ വികസനത്തിന് തദ്ദേശ | (ഡി) | കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ |

| | | | |
|---|---|---|---|
| | സ്വയംഭരണ സ്ഥാപനങ്ങളും സഹകരണമേഖലയും കൃഷി വകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കുന്നതിന് ഒരു സംയുക്ത സമിതിയെ നിയോഗിക്കാമോ? | | മേഖലയുടെ പിൻതുണയോടെ കാർഷികോൽപ്പന്നങ്ങളുടെ സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിൽപ്പന എന്നിവയെ പരിപോഷിപ്പിക്കുന്നതിനുമായി, 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതിയാണ് **'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി'.** കാർഷികമേഖലയുടെ വികസനത്തിനായി ടി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ മേഖലയുടെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടുകൂടിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>ഏഴ് ഉപപദ്ധതികളുള്ള ടി പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250.00 ലക്ഷം രൂപ സഹകരണവകുപ്പിന്റെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ 14 ജില്ലകളിലും ടി പദ്ധതി ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2022-23 ൽ ടി പദ്ധതി ഏഴ് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 15 സംഘങ്ങളെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സംഘങ്ങൾക്ക് നൽകിയിട്ടുള്ളതുമാണ്.<br><br>കാർഷിക മേഖലയുടെ വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സഹകരണ മേഖലയും കൃഷി വകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 14-ാം പഞ്ചവത്സരപദ്ധതികൾ ഉൾപ്പെടുത്തി AIF Fund ന്റെ സഹായത്തോടെ വിപണനകേന്ദ്രം, സംഭരണകേന്ദ്രം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം എന്നിവ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സഹകരണ മേഖലയിലെ ഫണ്ടുകൾ ഉപയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പും കൃഷി വകുപ്പുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കുന്നത് പരിഗണിക്കുന്നതാണ്. 2022 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു ലക്ഷം MSME യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സംരംഭക പദ്ധതികൾക്ക് കേരളസംസ്ഥാന സഹകരണ ബാങ്ക് മുഖേനയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴിയും വായ്പകൾ നൽകുന്ന പദ്ധതി നിലവിൽ പരിശോധനയിലാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനദായക പ്രോജക്ടുകളിൽ (ഷോപ്പിങ് കോംപ്ലെക്സുകൾ/ മാർക്കറ്റുകൾ, ബസ് സ്റ്റാൻഡുകൾ) ഭൂരിഭാഗവും വായ്പ ബന്ധിത പരിപാടിയായാണ് നടപ്പാക്കി വരുന്നത്. ഇത്തരത്തിൽ വായ്പബന്ധിതമായി നടപ്പാക്കുന്ന വരുമാനദായക പ്രോജക്ടുകൾക്ക് സഹകരണ സ്ഥാപനങ്ങൾ വഴി നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിക്കുന്നുണ്ട്. ഇ എം എസ് ഭവന പദ്ധതി, ഭവനശ്രീ തുടങ്ങിയ പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി സഹകരണ സംഘങ്ങൾ മുഖേന വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട് .

കൂടാതെ കേരള സഹകരണ നിയമം വകുപ്പ് 57 സി പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനപ്രകാരം പദ്ധതിയിൽ നിർദ്ദേശിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും, വ്യവസ്ഥകൾക്കും വിധേയമായി, സംഘങ്ങളുടേയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും, വികസന അതോറിട്ടികളുടേയും, അതുപോലെയുള്ള സ്ഥാപനങ്ങളുടേയും, അടിസ്ഥാന സൗകര്യ വികസനത്തിനായി വായ്പകൾ നൽകേണ്ട ആവശ്യത്തിലേയ്ക്കായി കൺസോർഷ്യം ലെൻഡിംഗ് സ്കീം എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി പദ്ധതിയിലേയ്ക്കായി വിശദമായ സ്കീം തയ്യാറാക്കുന്നത് സർക്കാർ പരിശോധിച്ചു വരുന്നു.

2022 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കുന്ന 1 ലക്ഷം MSME യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സംരംഭക പദ്ധതികൾക്ക് കേരളസംസ്ഥാന സഹകരണ ബാങ്ക് മുഖേനയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴിയും വായ്പകൾ നൽകുന്ന പദ്ധതി നിലവിൽ പരിശോധനയിലാണ് .

സംസ്ഥാനത്ത് സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളുടെ ധനം ഉപയോഗിക്കുന്നതിലൂടെ മെച്ചമുണ്ടാകുമെന്നത് സംബന്ധിച്ച് നിലവിൽ വിശകലനം ചെയ്തിട്ടില്ല. ആയത് പരിഗണിക്കുന്നതാണ്. സഹകരണ സംഘങ്ങളുടെ ധനം ഉപയോഗിച്ച് സമൂഹത്തിന്റെ വിവിധ മേഖലകളിൽ വികസനവും, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സഹകരണ വകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ നിയമത്തിലെ 57 സി, 14 എഎ, 14 ബി എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങൾ രൂപീകരിക്കുകയും പദ്ധതികൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കേരള സഹകരണ നിയമം വകുപ്പ് 57 സി പ്രകാരം കൺസോർഷ്യം ലെൻഡിംഗ് സ്കീം എന്ന പദ്ധതി അടിസ്ഥാന വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിലേയ്ക്കായി വിപുലീകരിച്ച് നടപ്പാക്കുന്നതിന് വിശദമായ സ്കീം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് വ്യവസ്ഥകൾക്ക് വിധേയമായി വായ്പകൾ അനുവദിക്കുന്നതിന് പരിശോധിക്കുന്നതാണ്.

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിൻതുണയോടെ കാർഷികോൽപ്പന്നങ്ങളുടെ സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിൽപ്പന എന്നിവയെ പരിപോഷിപ്പിക്കുന്നതിനുമായി, 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതിയാണ് **'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി'.** ടി പദ്ധതി കാർഷികമേഖലയുടെ വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും

സഹകരണ മേഖലയുടെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടുകൂടിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

7 ഉപ പദ്ധതികളുള്ള ടി പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250.00 ലക്ഷം രൂപ സഹകരണവകുപ്പിന്റെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ 14 ജില്ലകളിലും ടി പദ്ധതി ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2022-23 ൽ ടി പദ്ധതി 7 ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 15 സംഘങ്ങളെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.